# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 648 | 11.06.2014-ൽ മറുപടിക്ക്

### ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികൾക്കായി എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും ചെലവഴിച്ച തുക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) ആശുപത്രികളുടെ നവീകരണത്തിനായി 2013-14 വർഷത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(എ) ആശുപത്രികളുടെ നവീകരണത്തിനായി 2013-14 സാമ്പത്തിക വർഷത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും താഴെ പറയുന്ന ശീർഷകങ്ങളിൽ നിന്നും 85.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

| ശീർഷകങ്ങൾ | രൂപ (കോടിയിൽ) |
|---|---|
| ഉപാധിരഹിത ഫണ്ട് | 27.41 |
| വാർഷിക അറ്റകുറ്റ പണി | 8.43 |
| ആശുപത്രി ശാക്തീകരണം | 30.32 |
| ആശുപത്രി നവീകരണവും, നിർമ്മാണവും | 2.43 |
| ആശുപത്രി വികസന സമിതി | 13.1 |
| ശബരിമല പദ്ധതി | 3.88 |
| **ആകെ തുക** | **85.57** |

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആശുപത്രികൾക്കായി എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചു ;

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആശുപത്രികൾക്കായി എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും 2013-14 വർഷത്തിൽ 96.5 ലക്ഷം രൂപ ചെലവഴിച്ചു.

(സി) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആശുപത്രികളിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(സി) സി.എച്ച്.സി. അമ്പലപ്പാറ – പെയിന്റിംഗ്, ഫാർമസി നവീകരണം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, ലാപ്പ് ടോപ്പ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് 2.59 ലക്ഷം രൂപ ചിലവഴിച്ചു.

ലക്കിടി പി.എച്ച്.സി. - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ, പെയിന്റിംഗ് മറ്റ് നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് 1.10 ലക്ഷം രൂപ ചിലവഴിച്ചു.

(.....2)

പേരൂർ പി.എച്ച്.സി. - പെയിന്റിംഗ്, മറ്റു നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് 85,000 രൂപ ചിലവഴിച്ചു.

വാർഡ്തല ശുചിത്വ പ്രവർത്തനങ്ങൾക്കായി നൽകിയ തുക ഈ സ്ഥാപനങ്ങളിൽ നൂറു ശതമാനവും ഉപയോഗിച്ചു.

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ബ്രസ്റ്റ് ഫീഡിങ്ങ് ഏരിയ (ഒ.പി, ഐ.പി. എന്നിവിടങ്ങളിൽ), ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന്റെ ടൈൽ വർക്ക്, പേവാർഡിന്റെ വൈദ്യുതീകരണത്തിന് അണ്ടർ ഗ്രൗണ്ട് കേബിൾ വർക്ക് തുടങ്ങിയവ. പുരുഷ വാർഡിന്റെ അറ്റകുറ്റപ്പണികൾ 8.54 ലക്ഷം രൂപ ഉപയോഗിച്ച് പൂർത്തീകരിച്ചു.

(ഡി) രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന എത്ര തുക ചെലവഴിച്ചു എന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തി എന്നും വിശദമാക്കാമോ ?

(ഡി) 2013-14 സാമ്പത്തിക വർഷത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന 12.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | തുക (ലക്ഷത്തിൽ) |
|---|---|
| സ്ഥിരമായ പ്രതിരോധ കുത്തിവയ്പ് പരിപാടി | 385.3 |
| കോൺട്രാക്റ്റ് സ്റ്റാഫിന്റെ ശമ്പളം | 12.81 |
| പ്രതിരോധ പരിപാടികൾക്കുള്ള പരിശീലനം | 25.47 |
| ശീത ശൃംഖല അറ്റകുറ്റ പണികൾ | 4.58 |
| പൾസ് പോളിയോ നടത്തിപ്പിനുള്ള ചെലവ് | 461.46 |
| പ്രതിരോധ പരിപാടികൾക്കുള്ള ആശമാർക്കുള്ള ഇൻസെന്റീവ് | 351.73 |
| **ആകെ തുക** | **1241.35** |

സെക്ഷൻ ഓഫീസർ